"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.സ്വപ്ന ഭാസ്കർ, കൺസൾട്ടന്റ് (ഗൈനക്കോളജി) ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No.870/2023 -മേലുള്ള 13.06.2023 -ലെ ഉത്തരവ് - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2801/2023/H&FWD തീയതി,തിരുവനന്തപുരം, 26-10-2023

പരാമർശം:-

1. സ.ഉ (സാധാ) നം.1382/2023/ആകുവ തീയതി 09.06.2023.
2. OA (EKM) No.870/2023-മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 13.06.2023-ലെ ഉത്തരവ്.
3. ഡോ.സ്വപ്ന ഭാസ്കർ സമർപ്പിച്ച പുനഃപരിശോധനാ അപേക്ഷ (തീയതി ഇല്ല).
4. സ.ഉ (സാധാ) നം.2639/2023/ആകുവ തീയതി 11.10.2023.

**<u>ഉത്തരവ്</u>**

2023 പൊതുസ്ഥലംമാറ്റത്തിൽ തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലേയ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം സ്ഥലംമാറ്റിയതിനെതിരെ ഡോ.സ്വപ്ന ഭാസ്കർ, കൺസൾട്ടന്റ് (ഒ&ജി) ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.870/2023 ഫയൽ ചെയ്യുകയും, ആയതിന്മേൽ ബഹു:ട്രൈബ്യൂണൽ പരാമർശം (2) പ്രകാരം ഡോ.സ്വപ്ന ഭാസ്കർ സർക്കാർ മുമ്പാകെ സമർപ്പിച്ച പരാമർശം (3) അപേക്ഷ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി.

2) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലേയ്ക്കുള്ള സ്ഥലംമാറ്റം ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായും, ആരോഗ്യ പ്രശ്നങ്ങൾ വളരെയധികം ഉള്ളതിനാൽ ദൂരസ്ഥലത്തേക്കുള്ള സ്ഥലംമാറ്റം ഒഴിവാക്കി ഓപ്ഷൻ നൽകിയ സ്ഥാപനങ്ങളിൽ ഏതെങ്കിലും ഒന്നിൽ പരിഗണിക്കണമെന്ന് ഡോ.സ്വപ്ന ഭാസ്കർ പരാമർശം (3) പുനഃപരിശോധനാ അപേക്ഷയിൽ അഭ്യർത്ഥിച്ചിരുന്നു.

3) 2023 പൊതുസ്ഥലംമാറ്റത്തിൽ ചേർത്തല താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം നൽകിയിരുന്ന ഡോ.ശോഭകുമാരി.ഒ., പ്രസ്തുത സ്ഥലംമാറ്റത്തിനെതിരായി ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 926/2023 ഫയൽ ചെയ്യുകയും പ്രസ്തുത OA-യിന്മേലുള്ള 31.07.2023--ലെ ഉത്തരവ് അനുപാലിക്കുന്നതിന്റെ ഭാഗമായി, ടിയാളുടെ അപ്പീൽ അപേക്ഷ പരിഗണിക്കുകയും, ടിയാൾക്ക് വർക്കല താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവിലേയ്ക്ക് പരാമർശം (4) പ്രകാരം സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഡോ.സ്വപ്ന ഭാസ്കർ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ, ടിയാൾ

സ്ഥലംമാറ്റത്തിനായി ഓപ്ഷൻ നൽകിയ സ്ഥാപനങ്ങളിൽ **ചേർത്തല** താലൂക്ക് ആസ്ഥാന ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്.

4) പ്രസ്തുത സാഹചര്യത്തിൽ, ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.സ്വപ്ന ഭാസ്കറിന്റെ പരാമർശം (3) അപേക്ഷയിലെ ആവശ്യം അംഗീകരിച്ചുകൊണ്ട് ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് തസ്തികയിൽ നിലവിൽ ഒഴിവുള്ള ചേർത്തല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ടിയാൾക്ക് നിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

5) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) No.870/2023-മേലുള്ള 13.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം / ആലപ്പുഴ.
Dr.Swapna Bhaskar, Consultant (O&G), "Sandranandam", Kesari Road, North Paravur, Ernakulam - 683 581.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 27-10-2023 10:40:49

മേലെഴുത്ത് നം. ഇ.എ1-5159/2023/ആ.വ.ഡ, തീയതി 27.10.2023 സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

huy.S1
ആ.വ.ഡയ്ക്ക് വേ